# സഹയാത്രിക

വാർത്താപത്രിക

നവംബർ 2022 | ജ്യോതി ജീവപൂർണ്ണാ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ | VOL 1 ISSUE 7 PAGES 4


## ഏറ്റുമാനൂർ വനിത ലേബർ കോൺട്രാക്ട് സഹകരണ സംഘം കേരളത്തിലെ സ്ത്രീകൾക്ക് മാതൃകാപരം : മന്ത്രി വി.എൻ വാസവൻ



ഒബ്ളേറ്റ് മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സമൂഹത്തിന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ രണ്ടു പതിറ്റാണ്ടുകളായി നിർമ്മാണ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി തൊഴിലവസരങ്ങൾ ഒരുക്കിക്കൊണ്ട് സ്ത്രീ ശാക്തീകരണം പ്രാവർത്തികമാക്കുകയാണ് ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ. ഈ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഏറ്റുമാനൂർ കേന്ദ്രീകരിച്ച് സ്ത്രീകളെ നിർമ്മാണ മേഖലയിൽ ചുവടുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ച ഏറ്റുമാനൂർ വനിത ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1240 ന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും ബഹു. സഹകരണ രജിസ്ട്രേഷൻ സാംസ്കാരിക സിനിമ വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവ്വഹിച്ചു. കോട്ടയം ജില്ലയിലെ തന്നെ ആദ്യത്തെ വനിത ലേബർ കോൺട്രാക്ട് സഹകരണ സംഘം എന്ന അംഗീകാരത്തോടൊപ്പം കേരളത്തിലെ തന്നെ ആദ്യത്തെ വനിത ലേബർ കോൺട്രാക്ട് സഹകരണ സംഘമായി മാറട്ടെ എന്ന് മന്ത്രി പ്രത്യാശിച്ചു. ഏറ്റുമാനൂർ വനിത ലേബർ കോൺട്രാക്ടേഴ്സ് സംഘം പ്രസിഡന്റ് മിസ്. ത്രേസ്യാമ്മ മാത്യു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സഹകരണ സംഘത്തിന്റെ ഓഫീസ് കെട്ടിടം ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി നിർവ്വഹിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. സാബു തോമസ് മുഖ്യപ്രഭാഷണവും ചങ്ങനാശ്ശേരി അതിരൂപത വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത് അനുഗ്രഹ പ്രഭാഷണവും നടത്തി. സഹകരണ സംഘത്തിന്റെ അംഗത്വ വിതരണം വ്യാപാരി ക്ഷേമ നിധി ബോർഡ് വൈസ് ചെയർമാൻ ഇ.എസ് ബിജുവും സർട്ടിഫിക്കറ്റ് പ്രകാശനം സഹകരണ സംഘം ജോയിന്റ് ഡയറക്ടർ, ആഡിറ്റ് എസ്.ജയശ്രീയും നിർവ്വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യാ രാജൻ, മുനിസിപ്പൽ ചെയർപേഴ്സൺ ലൗലി ജോർജ്ജ് പടികര, ഏറ്റുമാനൂർ ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ.കെ ഷാജിമോൻ, മുനിസിപ്പൽ കൗൺസിലർ സിബി ചിറയിൽ, സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ, ആഡിറ്റ് റ്റി .ജി അനുപമ, ഏറ്റുമാനൂർ സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർ അനൂപ് കുമാർ, ഏറ്റുമാനൂർ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് എൻ.പി തോമസ്, ഏറ്റുമാനൂർ മുനിസിഫ് കോടതി ഗവൺമെന്റ് പ്ലീഡർ അഡ്വ. നിധിൻ പുല്ലുകാടൻ, സഹകരണ സംഘം കൺവീനർ മിസ്. ആനി ജോസഫ്, സഹരണ സംഘം ചീഫ് പ്രമോട്ടർ ആര്യാമോൾ പി.എ, സഹകരണ സംഘം വൈസ് പ്രസിഡന്റ് ജെയ്നമ്മ സെബാസ്റ്റ്യൻ, ഭരണസമിതി അംഗമായ ശ്രുതിമോൾ വി.എസ് കമ്മറ്റി അംഗമായ ഷൈനി ജോഷി തുടങ്ങിയവർ പ്രസംഗിച്ചു. ഭരണസമിതി അംഗങ്ങളായ കെ.എസ് ഷീലാ, പി.കെ ജയശ്രീ, രാധിക പ്രകാശ്, ഓമന സോമൻ, ജിജി കുര്യാക്കോസ്, ആഷ വർഗീസ്, സൗമ്യാ സജീവൻ തുടങ്ങിയവർ നേതൃത്വം നൽകി.

## ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അംഗൻവാടി കുട്ടികൾക്ക് സ്കൂൾ ബാഗ് വിതരണം നടത്തി

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ഗ്രാമപഞ്ചായത്തിന്റെയും സാമ്പത്തിക സഹായത്തോടെ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയുടെയും നിർവ്വഹണ സഹായ ഏജൻസിയായ ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെയും ആഭിമുഖ്യത്തിൽ മാഞ്ഞൂർ, ഞീഴൂർ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അംഗൻവാടി കുട്ടികൾക്കായി സ്കൂൾ ബാഗ് വിതരണം നടത്തി. മാഞ്ഞൂർ പഞ്ചായത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. മാഞ്ഞൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ വിതരണോദ്ഘാടനം നടത്തി. ജൽജീവൻ മിഷൻ ടീം ലീഡർ പി.ജെ വർക്കി പദ്ധതി വിശദീകരണ ക്ലാസ് നയിച്ചു. മെമ്പർമാരായ മഞ്ചു അനിൽ, എൽസമ്മ ബിജു, ഐ.സി.ഡി.എസ് സൂപ്പർവൈസർ മിനി കുമാരി, ജെ.ജെ.എം കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരായ ജിൻസിമോൾ കുര്യാക്കോസ്, സജിമോൾ ജോസഫ് എന്നിവർ പ്രസംഗിച്ചു.




ഞീഴൂർ പഞ്ചായത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് മാത്യു പനക്കൻ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ ബാഗിന്റെ വിതരണം പ്രസിഡന്റ് സുഷമ ടീച്ചർ ഉദ്ഘാടനം ചെയ്തു. ജൽജീവൻ മിഷൻ ടീം ലീഡർ പി.ജെ. വർക്കി പദ്ധതി വിശദീകരണ ക്ലാസ് നയിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗം ബീനാ ഷിബു, മെമ്പർമാരായ ശ്രീലേഖ മണിലാൽ, ലിസി ജീവൻ, ജെ.ജെ.എം കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരായ ജിൻസിമോൾ കുര്യാക്കോസ്, സജിമോൾ ജോസഫ്, അങ്കണവാടി ടീച്ചർ അന്നമ്മ ശാമുവേൽ എന്നിവർ പ്രസംഗിച്ചു. ഞീഴൂർ പഞ്ചായത്തിലെ 19 അംഗൻവാടികളിലെ 127 കുട്ടികൾക്കും മാഞ്ഞൂർ പഞ്ചായത്തിലെ 30 അംഗൻവാടികളിലെ 250 കുട്ടികൾക്കും സ്കൂൾ ബാഗ് വിതരണം ചെയ്തു.

രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകളിലും ന്യായമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം പ്രവർത്തന ക്ഷമമായ ടാപ്പിലൂടെ നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് ഗ്രാമീണ സമൂഹങ്ങളെ നയിക്കുക എന്നതാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം. ജനകീയ പങ്കാളിത്തത്തോടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അംഗൻവാടികളിലും സ്കൂളുകളിലും ആരോഗ്യ കേന്ദ്രങ്ങളിലും ശുദ്ധമായ കുടിവെള്ളം 2024 -നകം ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ സജ്ജരാക്കുക, കുടിവെള്ള വിതരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും തുടർ നടത്തിപ്പും പരിപാലനവും നടത്തുവാൻ ഗുണഭോക്തൃ സമൂഹത്തെ സജ്ജരാക്കുകയും ചെയ്യുക എന്ന ദൗത്യത്തോടെയാണ് ജൽ ജീവൻ മിഷൻ പദ്ധതി ഈ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നത്.



## തണലേകിയവർക്ക് തണലാകാം...

ഏകാന്തതയുടെ ശാപം പേറി നെടുവീർപ്പെട്ട് കഴിയേണ്ടവരല്ല വയോജനങ്ങളെന്ന് സമൂഹത്തെ ഓർമ്മപ്പെടുത്തുന്ന ദിനമാണ് ഒക്ടോബർ 1, ലോക വയോജനദിനം. 60 കഴിഞ്ഞാൽ പിന്നെ ഒന്നിനും കൊള്ളാത്തവരെന്ന് സമൂഹം പറയുമ്പോൾ അത് ശിരസാ വഹിച്ച് വീടിന്റെ ഒരു കോണിൽ ഒതുങ്ങിയാൽ മതിയോ? പ്രായത്തിന്റെ ഏറ്റക്കുറച്ചിലുകളോ ശാരീരിക പരിണാമങ്ങളോ അല്ല വാർദ്ധക്യത്തെ നിർണയിക്കുന്നത്, മനസിന്റെ ഉണർവ്വും ഉന്മേഷവുമാണ്. അത് കൈമോശം വരാത്തിടത്തോളം എല്ലാവരും യൗവ്വനത്തിലാണ്. ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളാൽ എഴുതിചേർക്കപ്പെട്ട ദണ്ഡിയാത്ര നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി നടത്തിയത് 61–ാം വയസിൽ ആണ്. വിൻസെന്റ് ചർച്ചിൽ ബ്രിട്ടന്റെ ഭരണസാരഥ്യം ഏറ്റെടുക്കുമ്പോൾ അദ്ദേഹത്തിന് 65 വയസായിരുന്നു. മൊറാർജി ദേശായി ഇന്ത്യൻ പ്രധാനമന്ത്രിയായി സത്യപ്രതിഞ്ജ ചെയ്യുമ്പോൾ പ്രായം 80. ബാല്യത്തിലും കൗമാരത്തിലും യൗവ്വനത്തിലും നേടിയെടുത്ത അനുഭവസമ്പത്തും സമാഹരിച്ച ഊർജ്ജവും ഫലവത്തായി വിനിയോഗിക്കാനുള്ള ശരിയായ സമയം കൂടിയാണ് വാർദ്ധക്യം.

പത്ര- മാധ്യമങ്ങളിലെ സ്ഥിരം വാർത്തയാവുകയാണ് നടതള്ളപ്പെടുന്ന വാർദ്ധക്യങ്ങൾ. ക്ഷേത്രമുറ്റത്തും ബസ് സ്റ്റാന്റുകളിലും ആശുപത്രികളിലും ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നത് അപലപനീയം തന്നെ. വിദ്യാസമ്പന്നർ മൃഗങ്ങളേക്കാൾ ക്രൂരരാവുന്ന കാഴ്ച. ജീവിതത്തിൽ തിരക്കേറുമ്പോൾ ഒഴിവാക്കുന്നത് ജന്മം തന്ന മാതാപിതാക്കളെയാവരുത്. അവർ ഹോമിച്ച യൗവ്വനമാണ് ഇന്നത്തെ നമ്മുടെ ജീവിതം... അവർ ഏറ്റ വെയിലാണ് ഇന്ന് നാം അനുഭവിക്കുന്ന തണലിനും തണുപ്പിനും പിന്നിൽ... ജീവിതത്തിന്റെ വസന്തകാലത്ത് കുടുംബത്തിനും, സമൂഹത്തിനും വേണ്ടി ഏറെ വിയർപ്പൊഴുക്കിയവരാണ് വയോജനങ്ങൾ. താൻ അദ്ധ്വാനിച്ചുണ്ടാക്കിയ വീട്ടിൽ നിന്നു പോലും പുറന്തള്ളപ്പെടുന്ന സാഹചര്യങ്ങളിലാണ് ഇന്ന് പല വയോജനങ്ങളും ജീവിക്കുന്നത്.

'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പ്രശസ്തി നേടിയ ഈ കൊച്ചു കേരളത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ 621 വൃദ്ധസദനങ്ങൾ ഉണ്ടെന്നാണ് കണക്ക്, മക്കൾ സ്വത്ത് ഭാഗം വയ്ക്കുമ്പോൾ മിച്ചം വരുന്ന രണ്ട് അമൂല്യ രത്നങ്ങൾ ദാനം ചെയ്യുമ്പോൾ സ്വീകരിക്കാനുള്ള ഇടങ്ങൾ. ഓർക്കുക, ആർക്കും തടഞ്ഞു നിർത്താനോ വേണ്ടെന്ന് വയ്ക്കാനോ സാധിക്കാത്ത വാർദ്ധക്യത്തിന്റെ തുരുത്തിൽ നാമും നാളെ എത്തിപ്പെടും, അന്ന് നമ്മുടെ മക്കൾ നമ്മളോടും ഇതുതന്നെ ആവർത്തിക്കും. നമ്മുടെ കേരളത്തിൽ ജനസംഖ്യയിൽ 13 ശതമാനത്തോളം വയോജനങ്ങളാണ്, ഇവരിൽ നല്ലൊരു വിഭാഗം സ്ത്രീകളും വിധവകളുമാണ്. ജീവിത സായാഹ്നത്തിൽ അവർക്ക് വേണ്ടത് നിറഞ്ഞ സ്നേഹവും ഒരു കൈത്താങ്ങുമാണ്. അത് നൽകാൻ ജന്മം നല്കിയ മക്കളെക്കാൾ ശ്രേഷ്ഠർ വേറെയുണ്ടോ? വയോജനങ്ങളുടെ സംരക്ഷണത്തിൽ സമൂഹത്തിന് വലിയ ഉത്തരവാദിത്വമുണ്ട്. വയോജനങ്ങളുടെ ശ്രേഷ്ഠതയും മഹത്വവും വളർന്നു വരുന്ന പുതുതലമുറയ്ക്കും പകർന്നു നൽകണം. അവരെ ബഹുമാനിക്കാനും കരുതലോടെ ഇടപെടാനും ശീലിപ്പിക്കണം നമ്മൾ. നമുക്കായി എരിഞ്ഞടങ്ങിയ യൗവ്വനത്തിൽ നിന്നും വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന നമ്മുടെ മാതാപിതാക്കൾ അവരുടെ രണ്ടാം ബാല്യത്തിലാണെന്ന തിരിച്ചറിവോടെ അവർക്ക് താങ്ങും തണലുമാകാൻ നമുക്ക് സാധിക്കണം. മാറണം വയോജനങ്ങളോടുള്ള നമ്മുടെ കാഴ്ച്ചപ്പാടുകൾ. നമ്മുടെ വളർച്ചയ്ക്കും സൗഭാഗ്യങ്ങൾക്കും പിന്നിൽ പ്രവർത്തിച്ച അവരുടെ കൈകൾ ഇന്ന് തളർന്ന് തുടങ്ങിയിരിക്കുന്നു. മുറുകെ പിടിക്കാം നമുക്ക് ചേർത്ത് നിർത്താം നിറഞ്ഞ സ്നേഹത്തോടെ...


**മിസ് ത്രേസ്യാമ്മ മാത്യു**
ഡയറക്ടർ
അർച്ചന വിമൻസ് സെൻറർ

# വികസന പാതയിൽ – വരും ദിനങ്ങളിൽ..

**ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു**

അർച്ചന വിമൻസ് സെന്റർ കാർക്കിനോസ് ക്യാൻസർ സെന്ററുമായി സഹകരിച്ച് ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏറ്റുമാനൂർ റീജിയന്റെ നേതൃത്വത്തിൽ നവംബർ 15-ാം തീയതി ഏറ്റുമാനൂർ എൻ.എസ്.എസ് കരയോഗം ഹാളിലാണ് ക്യാമ്പ് നടത്തപ്പെടുക. ക്യാമ്പിനോടനുബന്ധിച്ച് സ്തനാർബുദം, വായിലെ ക്യാൻസർ തുടങ്ങിയവയ്ക്കുള്ള വൈദ്യപരിശോധനയും ബോധവൽക്കരണ ക്ലാസും ക്രമീകരിച്ചിട്ടുണ്ട്. രാവിലെ 9.30 മുതൽ 1 മണി വരെ നടത്തപ്പെടുന്ന ക്യാമ്പിൽ പങ്കെടുക്കാൻ എല്ലാ സി.എ.ജി അംഗങ്ങളും ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി അതാത് യൂണിറ്റ് ഓഫീസറുമായി ബന്ധപ്പെടുക. രജിസ്ട്രേഷൻ ഫീസ് 100 രൂപാ ഉണ്ടായിരിക്കും.

**അർച്ചന വിമൻസ് സെന്റർ സി.എ.ജി അംഗങ്ങളാകാൻ അവസരം**

സ്ത്രീകളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ട് നൂതനമായ കർമ്മപദ്ധതികൾ ഒരുക്കി സ്ത്രീശാക്തീകരണ രംഗത്ത് വേറിട്ട് നിൽക്കുന്ന അർച്ചന വിമൻസ് സെന്ററിന്റെ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പ് അംഗങ്ങളാകാൻ പൊതു സമൂഹത്തിന് അവസരം ഒരുക്കുന്നു. സി.എ.ജി യിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വരാനും ഉപവരുമാന മാർഗ്ഗങ്ങളിലൂടെ സ്വയം പര്യാപ്തതയിൽ എത്തിച്ചേരാനും അവകാശങ്ങൾ നേടിയെടുക്കുവാനും അനീതിയ്ക്കെതിരെ ശബ്ദമുയർത്താനും സ്ത്രീകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് അർച്ചന വിമൻസ് സെന്റർ ഈ സുവർണ്ണാവസരം ഒരുക്കിയിരിക്കുന്നത്. കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളിൽ പങ്കാളികളാവാൻ ആഗ്രഹിക്കുന്നവർ അതാത് പഞ്ചായത്തുകളിലെ യൂണിറ്റ് ഓഫീസറുമായോ അർച്ചന വിമൻസ് സെന്റർ കേന്ദ്ര ഓഫീസുമായോ (0481 – 2533694) ബന്ധപ്പെടാവുന്നതാണ്.

**ലീഡേഴ്സ് വിലയിരുത്തൽ മീറ്റിംഗ് സംഘടിപ്പിക്കുന്നു**

അർച്ചന വിമൻസ് സെന്ററിന്റെ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തന വിലയിരുത്തൽ നടത്തുന്നതിനായി ഗ്രൂപ്പുകളുടെ നേതൃത്വം വഹിക്കുന്ന ലീഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് ലീഡേഴ്സ് വിലയിരുത്തൽ യോഗങ്ങൾ സംഘടിപ്പിക്കുന്നു. അതാത് റീജിയണുകളുടെ നേതൃത്വത്തിലാണ് മീറ്റിംഗ് സംഘടിപ്പിക്കുന്നത്. ഇക്കഴിഞ്ഞ മൂന്ന് മാസങ്ങളിലായി സി.എ.ജി യുടെ നേതൃത്വത്തിൽ നടക്കുന്ന ഗ്രൂപ്പ് മീറ്റിംഗുകൾ, പങ്കാളിത്തം, പുതിയ സംരംഭങ്ങൾ, നിലവിലെ സംരംഭങ്ങളുടെ വിലയിരുത്തൽ, വരും മാസങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയാണ് മീറ്റിംഗുകളുടെ പ്രധാന ഉള്ളടക്കം. കടുത്തുരുത്തി റീജിയന്റെ മീറ്റിംഗ് ഒക്ടോബർ മാസം 7 ന് കടപ്പൂരാൻ ഓഡിറ്റോറിയത്തിലും ഏറ്റുമാനൂർ റീജിയന്റെ മീറ്റിംഗ് ഒക്ടോബർ മാസം 10 ന് എൻ.എസ്.എസ് കരയോഗം ഹാളിലും വാഗമൺ റീജിയന്റെ മീറ്റിംഗ് ഒക്ടോബർ 7 ന് റീജിയണൽ ഓഫീസിലും കട്ടപ്പന റീജിയന്റെ മീറ്റിംഗ് ഒക്ടോബർ 11 ന് റീജിയൺ ഓഫീസ് ഹാളിലും നടത്തപ്പെടും. പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ട എല്ലാ ലീഡേഴ്സും കൃത്യസമയത്ത് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് വേണ്ട തയ്യാറെടുപ്പുകളോടെ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

**'ബാലിക ഗ്രാമം' ഗുണഭോക്തൃ സംഗമം**

ഓരോ പെൺകുട്ടിയുടെയും ജനനം കുടുംബങ്ങളിൽ ആഘോഷമാക്കുന്നതിനും തുല്യ അവസരങ്ങളോടെ വളരുന്നതിന് സാഹചര്യം ഒരുക്കുന്നതിനും കുടുംബങ്ങളെ പ്രാപ്തരാക്കി, അതുവഴി സ്ത്രീ – പുരുഷ സമത്വം ഉറപ്പാക്കി മാതൃകാപരമായ സമൂഹം പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ അർച്ചന വിമൻസ് സെന്റർ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ബാലികാ ഗ്രാമം പദ്ധതിയിലെ ഗുണഭോക്താക്കളുടെ സംഗമം സംഘടിപ്പിക്കുന്നു. ഡിസംബർ 10 ന് മാഞ്ഞൂർ എസ് എൻ വി എൽ പി സ്കൂൾ അങ്കണത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ ലിംഗസമത്വ സെമിനാർ, വിവിധങ്ങളായ മത്സരങ്ങൾ, സംവാദം തുടങ്ങിയവയും ക്രമീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളായ എല്ലാ അംഗങ്ങളും സംഗമത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഗ്രീൻ വോളണ്ടിയർ പദ്ധതിയിൽ പങ്കാളികളാവാൻ അവസരം**

നൂതന കൃഷിരീതികളിലൂടെ കാർഷിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ അർച്ചന വിമൻസ് സെന്റർ ഗ്രീൻ വോളണ്ടിയർ ടീം രൂപീകരിയ്ക്കുന്നു. അഞ്ച് പേരടങ്ങുന്ന ഒരു ടീമാണ് രൂപീകരിക്കുന്നത്. ജൈവകൃഷി രീതി, ഗുണമേന്മയുള്ള വിത്തുകളുടെ തെരഞ്ഞെടുക്കൽ, ജൈവ വളങ്ങൾ, ജൈവ കീടനാശിനി എന്നിവയുടെ നിർമ്മാണ പരിശീലനം കൂടാതെ നൂതന കൃഷി രീതികളുടെ പരിചയപ്പെടൽ തുടങ്ങിയവയും ക്രമീകരിച്ചിട്ടുണ്ട്. പരിശീലനത്തിന് ശേഷം കാർഷിക മേഖലയിൽ വോളണ്ടിയർ ടീമായി പ്രവർത്തിക്കുന്നതിനുള്ള അവസരവും ഒരുക്കുന്നു. കാർഷിക മേഖലയിൽ അഭിരുചിയുള്ള പദ്ധതിയിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ നവംബർ 15 നകം യൂണിറ്റ് ഓഫീസറുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

**ചോക്ലേറ്റ് നിർമ്മാണ പരിശീലനം**

അർച്ചന വിമൻസ് സെന്റർ ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കുമായി (നബാർഡ്) സഹകരിച്ച് ചോക്ലേറ്റ് നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. വാഗമൺ മേഖലയിലെ ഗ്രൂപ്പ് അംഗങ്ങൾക്കാണ് പരിശീലനത്തിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കുന്നത്. 15 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ വിവിധങ്ങളായ ചോക്ലേറ്റുകൾ, കേക്കുകൾ, ഇതര ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയാണ് ക്രമീകരിച്ചിരിക്കുന്നത്. പരിശീലനത്തിന് ശേഷം യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് താല്പര്യമുള്ള വാഗമൺ മേഖലയിലെ ഗ്രൂപ്പ് അംഗങ്ങൾ യൂണിറ്റ് ഓഫീസറുമായി ബന്ധപ്പെടുക. പരിശീലന തീയതിയും മറ്റ് വിശദാംശങ്ങളും യൂണിറ്റ് ഓഫീസർ മുഖാന്തിരം അറിയിക്കുന്നതാണ്.

**ലോക ക്യാൻസർ അവബോധ ദിനാചരണം**

നവംബർ 7 ലോക ക്യാൻസർ അവബോധ ദിനത്തോടനുബന്ധിച്ച് അർച്ചന വിമൻസ് സെൻററിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ലോക ക്യാൻസർ അവബോധ ദിനാചരണം സംഘടിപ്പിക്കുന്നു. ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ദിനാചരണത്തോടനുബന്ധിച്ച് ആരോഗ്യകരമായ ജീവിതശൈലി, സുരക്ഷിത ഭക്ഷണം, ജൈവകൃഷി തുടങ്ങിയ വിഷയങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. കൂടാതെ 'ക്യാൻസർ രോഗ ലക്ഷണങ്ങളും ചികിത്സയും' എന്ന വിഷയത്തിൽ വിദഗ്ധരുടെ ക്ലാസും ക്രമീകരിക്കുന്നതാണ്. വിശദവിവരങ്ങൾ യൂണിറ്റ് ഓഫീസർ മുഖാന്തിരം അറിയിക്കുന്നതാണ്. ദിനാചരണത്തിൽ പങ്കുചേരാൻ എല്ലാ ഗ്രൂപ്പംഗങ്ങളും ശ്രദ്ധിക്കുമല്ലോ.

**മനുഷ്യാവകാശ ദിനാചരണം ഡിസംബർ 10 ന്**

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവ നേടിയെടുക്കാനും സ്ത്രീകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ഡിസംബർ 10 മനുഷ്യാവകാശ ദിനം വിപുലമായ പരിപാടികളോടെ ആചരിക്കുന്നു. 'സ്ത്രീകളുടെ അവകാശങ്ങളും മനുഷ്യാവകാശങ്ങളാണ്' എന്ന ആപ്തവാക്യം വിളിച്ചോതിക്കൊണ്ട് സംഘടിപ്പിക്കുന്ന ദിനാചരണത്തോടനുബന്ധിച്ച് ബോധവത്ക്കരണ തെരുവ് നാടകം, ബോധവത്ക്കരണ സെമിനാറുകൾ, ശിൽപ്പശാല, സംവാദം തുടങ്ങിയവ സംഘടിപ്പിക്കും. മത-സാമൂഹ്യ-രാഷ്ട്രീയ- സാംസ്ക്കാരിക രംഗത്തെ പ്രമുഖരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പൊതു സമ്മേളനവും 'സ്ത്രീകളുടെ അവകാശങ്ങളും മനു ഷ്യാവകാശങ്ങളാണ്' എന്ന വിഷയത്തിൽ പ്രമുഖരുടെ ചിന്തകളും ദിനാചരണത്തോടനുബന്ധിച്ച് പങ്കുവയ്ക്കപ്പെടും. കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പ് അംഗങ്ങൾക്കായി വിവിധ മത്സരങ്ങളുംനടത്തപ്പെടും. കൂടുതൽ വിശദാംശങ്ങൾ യൂണിറ്റ് ഓഫീസർ മുഖാന്തിരം അറിയിക്കുന്നതാണ്. എല്ലാ ഗ്രൂപ്പ് അംഗങ്ങളും ദിനാചരണത്തിൽ പങ്കാളികളാകുമല്ലോ.

# അർച്ചന പോയവാരങ്ങളിൽ..

## ചിന്താധാര – 2022 സംഘടിപ്പിച്ചു



ജ്യോതി ജീവപൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ രാഷ്ട്രീയ – സാമൂഹ്യ പ്രവർത്തകർക്കായി 'ചിന്താധാര 2022' എന്ന പേരിൽ കോട്ടയം, ഇടുക്കി ജില്ലകളിൽ ശിൽപശാല സംഘടിപ്പിച്ചു. കോട്ടയം ജില്ലയിലെ ശിൽപശാല അർച്ചന വിമൻസ് സെന്റർ കേന്ദ്ര ഓഫീസ് ഹാളിൽ നടത്തപ്പെട്ടു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അന്നമ്മ മാണി ശിൽപശാലയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സെന്റർ അസി. ഡയറക്ടർ മിസ്. ആനി ജോസഫ്, ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ്. മറിയാമ്മ ജോസഫ്, ടെക്നിക്കൽ മാനേജർ ജയശ്രീ പി.കെ എന്നിവർ പ്രസംഗിച്ചു. സാമൂഹ്യ പ്രവർത്തകയും വിവ പ്രസിഡന്റുമായ ഗീത ജോൺ ക്ലാസ് നയിച്ചു. ജില്ലയിലെ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങി നാൽപതോളം പേർ ശിൽപശാലയിൽ പങ്കെടുത്തു. ഫിനാൻസ് മാനേജർ ജെയ്നമ്മ സെബാസ്റ്റ്യൻ, കമ്മ്യൂണിറ്റി ഓർഗനൈസർ ഷീല കെ.എസ്, ജിജി കുര്യാക്കോസ്, സൗമ്യാ സജീവൻ തുടങ്ങിയവർ നേതൃത്വം നൽകി.

ഇടുക്കി ജില്ലയിലെ ശിൽപശാല കട്ടപ്പന വ്യാപാരി വ്യവസായി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. കട്ടപ്പന മുനിസിപ്പൽ ചെയർപേഴ്സൺ ഷൈനി സണ്ണി ചെറിയാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ്. മറിയാമ്മ ജോസഫ്, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, യൂണിറ്റ് ഓഫീസർമാരായ ബിന്ദു സന്തോഷ്, ശാന്തമ്മ ബാബു, ബൈജുമോൾ പി.എസ്, ഇന്ദിര ശ്രീനി എന്നിവർ നേതൃത്വം നൽകി. സാമൂഹ്യ പ്രവർത്തകയും വിവ പ്രസിഡന്റുമായ ഗീത ജോൺ ക്ലാസ് നയിച്ചു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങി 35 പേർ ശിൽപശാലയിൽ പങ്കെടുത്തു. ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീ സമത്വവും സ്വാതന്ത്ര്യവും ലിംഗഭേദമന്യേ ഏതു ജോലിക്കുമുള്ള അവകാശവും രാഷ്ട്രീയത്തിൽ സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യത്തെപ്പറ്റിയും, തങ്ങളുടെ കർമ്മ മണ്ഡലങ്ങളിൽ വ്യത്യസ്തമായി ചിന്തിക്കാനും ശോഭിക്കുന്നതിനും ഈ ചിന്താധാര വളരെ സഹായകരമായിരുന്നു.

## പ്രൊഫഷണൽ ഫോട്ടോഗ്രാഫി പരിശീലനം സംഘടിപ്പിച്ചു

അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ ഫോട്ടാഗ്രാഫി പരിശീലനം സംഘടിപ്പിച്ചു. പരിശീലന പരിപാടി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അന്നമ്മ മാണി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അർച്ചന വിൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. അർച്ചന വിമൻസ് സെന്റർ അസി. ഡയറക്ടർ മിസ്. ആനി ജോസഫ്, ജെൻഡർ & ഹ്യൂമൻ റൈറ്റ്സ് കോഡിനേറ്റർ അഡ്വ. സി.റെജി അഗസ്റ്റിൻ, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, യൂണിറ്റ് ഓഫീസർമാരായ സാലി മോൾ ജോസഫ്, സ്മിത ജി. നായർ എന്നിവർ പ്രസംഗിച്ചു. ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ് റിട്ട. ജേർണലിസ്റ്റ് ഫോട്ടോഗ്രാഫർ രാജീവ് പ്രസാദ് പരിശീലനത്തിന് നേതൃത്വം നൽകി. 50 പേർ പരിശീലനത്തിൽ പങ്കെടുത്തു.




## കർഷക ദിനാചരണവും പച്ചക്കറിതൈ വിതരണവും സംഘടിപ്പിച്ചു



കർഷക ദിനത്തോടനുബന്ധിച്ച് അർച്ചന വിമൻസ് സെന്റർ കടുത്തുരുത്തി റീജിയണിന്റെ നേതൃത്വത്തിൽ കർഷക ദിനാചരണവും പച്ചക്കറി തൈ വിതരണവും റീജിയണൽ ഓഫീസിൽ സംഘടിപ്പിച്ചു. സ്വന്തം വീടുകളിൽ കാർഷിക സംസ്ക്കാരം വളർത്തണമെന്നും അത് സ്ത്രീകളുടെ ഉത്തരവാദിത്വമാണെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈനമ്മ ഷാജു ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് സംസാരിക്കുകയും പച്ചക്കറി തൈകളുടെ വിതരണം നടത്തുകയും ചെയ്തു. സെന്റർ പ്രോജക്ട് മോനേജർ പോൾസൺ കൊട്ടാരത്തിൽ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർമാരായ രശ്മി വിനോദ്, ഷീജ സജി, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, യൂണിറ്റ് ഓഫീസർമാരായ സുമ ബാബു, ഉദയ ഷിബു, ബിന്ദു ബാബു, ബോബി ഷിനോജ്, ആശാ ജിജി, അന്നമ്മ വർഗീസ്, ബീനാഭായ് കെ.റ്റി, അഞ്ചന രാജു തുടങ്ങിയവർ പ്രസംഗിച്ചു. അർച്ചന വിമൻസ് സെന്റർ കാർഷികാർച്ചന പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചുള്ള അവതരണവും നടത്തപ്പെട്ടു.

## വാഗമണ്ണിൽ തുടർച്ചയായി രക്തദാന ക്യാമ്പുകളുമായി അർച്ചന വിമൻസ് സെന്റർ



രക്തദാതാക്കളെ കിട്ടാനില്ലാതെ രോഗികളും ബന്ധുക്കളും ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ വാഗമണ്ണിലെ വിവിധ പ്രദേശങ്ങളിലായി സന്നദ്ധ രക്തദാന ക്യാമ്പുകളുമായി അർച്ചന വിമൻസ് സെന്റർ. പാലാ ബ്ലഡ് ഫോറത്തിന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, ജില്ലാ ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, വാഗമൺ ജനമൈത്രി പോലീസ്, എസ്.എച്ച് മെഡിക്കൽ സെന്റർ എന്നിവരുടെ സഹകരണത്തോടെയാണ് രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നത്. അർച്ചന വിമൻസ് സെന്റർ വാഗമൺ റീജിയൺ ഓഫീസിൽ സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വാഗമൺ എ.എസ്.ഐ റെജി എ.ജെ രക്തദാന ക്യാമ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തി.

പാലാ ബ്ലഡ് ഫോറം ജനറൽ കൺവീനർ ഷിബു തെക്കേമറ്റം മുഖ്യപ്രഭാഷണം നടത്തി ഗ്രാമപഞ്ചായത്ത് മെമ്പർമാരായ പ്രദീപ് കുമാർ, ഷൈൻ കുമാർ, വി. സജീവ് കുമാർ, ജീവൻ സമൃദ്ധി കോർഡിനേറ്റർ മിസ് മറിയാമ്മ ജോസഫ്, കമ്മ്യൂണിറ്റി ഓർഗനൈസർ ജെസി ജെയ്, ഹരിതസഹായ സ്ഥാപനം അസി. കോർഡിനേറ്റർ ജോയിസ് മാത്യു, യൂണിറ്റ് ഓഫീസർമാരായ ബൈജുമോൾ പി.എസ്, സുധ അയ്യപ്പൻ, ആശാമോൾ എം തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ലയൺസ് എസ്.എച്ച്.എം.സി ബ്ലഡ് ബാങ്ക് ടീമാണ് ക്യാമ്പ് നയിച്ചത്. അൻപതോളം പേർ രക്തദാന ക്യാമ്പിൽ പങ്കാളികളായി.

# ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു



ഇക്കഴിഞ്ഞ എസ് എസ് എൽ സി, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിലും മുഴുവൻ എ പ്ലസ് നേടിയ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പ് അംഗങ്ങളുടെ മക്കളെ ആദരിച്ചു. അർച്ചന വിമൻസ് സെന്റർ കേന്ദ്ര ഓഫീസ് ഹാളിൽ നടത്തിയ ചടങ്ങിൽ ചങ്ങനാശ്ശേരി അതിരൂപത വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്തിൽ നിന്നും വിദ്യാർത്ഥികൾ മെമന്റോ ഏറ്റുവാങ്ങി. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിനോടനുബന്ധിച്ച് അർച്ചന വിമൻസ് സെന്ററിന്റെ സ്ത്രീ സുരക്ഷ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വെബിനാർ സീരീസ് 2021 പദ്ധതിയിൽ സഹകാരികളായ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ ഭാരവാഹികളെ ആദരിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. സാബു തോമസിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ ഡോ. അലക്സ് ജോർജ്ജ്, അദ്ധ്യാപക വിദ്യാർത്ഥി ഭാനുപ്രിയ എന്നിവർ ആദരം ഏറ്റുവാങ്ങി. വ്യാപാരി ക്ഷേമനിധി ബോർഡ് സംസ്ഥാന വൈസ്ചെയർമാൻ ഇ.എസ് ബിജു, ഏറ്റുമാനൂർ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് എൻ.പി തോമസ് എന്നിവർ പ്രസംഗിച്ചു.എസ് എസ് എൽ സി വിഭാഗത്തിൽ അഖില അനന്തൻ വെച്ചൂർ, നിയമോൾ സിജു ഏറ്റുമാനൂർ, ശ്രീലക്ഷ്മി രാജേഷ് ഏറ്റുമാനൂർ, മരിയ ഷാജി കുറുപ്പന്തറ, ഫാത്തിമ പി.എസ് കട്ടപ്പന എന്നിവരും പ്ലസ്ടു വിഭാഗത്തിൽ അമൃത സുരേഷ് അയർക്കുന്നം, ഫേബാ സിബി മാഞ്ഞൂർ, അഞ്ജന അനിൽ ഏറ്റുമാനൂർ, അഞ്ചു ബൈജു കുറുപ്പന്തറ, ആർദ്ര മെറിൻ ജിജി കട്ടപ്പന, ദേവിക മോഹൻദാസ് കട്ടപ്പന എന്നിവരാണ് ഉന്നത വിജയം നേടി ആദരവ് ഏറ്റുവാങ്ങിയത്.

# പരാതിക്കാരിയുടെ വസ്ത്രധാരണത്തെ പഴിചാരികൊണ്ട് നടത്തിയ വിധി പ്രസ്ഥാവനയിൽ പ്രതിഷേധിച്ച് അർച്ചന വിമൻസ് സെന്റർ

എഴുത്തുകാരൻ സിവിക് ചന്ദ്രനെതിരെയുള്ള ലൈംഗീകാതിക്രമ പരാതിയിൽ കോഴിക്കോട് സെഷൻസ് കോടതിയുടെ ജാമ്യം അനുവദിച്ചു കൊണ്ടുള്ള വിധിയിൽ പ്രതിഷേധം രേഖപ്പെടുത്തി അർച്ചന വിമൻസ് സെന്റർ രംഗത്ത്. വസ്ത്രം ധരിക്കുന്നതിനെ ആശ്രയിച്ച് പുരുഷന് സ്ത്രീയെ ലൈംഗീകാതിക്രമത്തിന് ഇരയാക്കാം എന്നുള്ള ഒരു പുതിയ വിധിന്യായവും ഇതോടുകൂടി കോഴിക്കോട് സെഷൻസ് കോടതി കൂട്ടിച്ചേർത്തിരിക്കുകയാണ്. കോടതിയുടെ മ്ലേച്ഛമായ ഈ പരാമർശം കോടതിയെയും പുരുഷ സമൂഹത്തെ തന്നെയും അപകീർത്തിപ്പെടുത്തുന്നതാണ്. കോടതി ഈ പരാമർശത്തിലൂടെ അതിജീവിതയെ ഒരിക്കൽ ക്കൂടി അവഹേളിച്ചിരിക്കുകയാണ്. അതിജീവിതയോട് ലജ്ജാകരവും അനുചിതവുമായ ചോദ്യങ്ങളും ഒഴിവാക്കണമെന്ന് അടുത്തയിടെ സുപ്രീം കോടതി പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങൾക്ക് യാതൊരു വിലയും മാന്യതയും കൽപ്പിക്കാതെയുള്ള കീഴ് കോടതിയുടെ വിധി നമ്മുടെ നീതിന്യായ വ്യവസ്ഥയെ തന്നെ തകിടം മറിക്കുന്നതാണ്. ഒരു കോടതി വിധി പറയുമ്പോൾ കോടതിയുടെ വ്യക്തിപരമായ ചിന്താരീതിയോ ആശയങ്ങളോ ആ വിധിയെ ഒരിക്കലും സ്വാധീനിക്കാൻ പാടുള്ളതല്ല. സ്ത്രീകൾ ലൈംഗീകാതിക്രമങ്ങൾ തുറന്നു പറയാൻ മടിക്കുന്നതും പരാതിപ്പെടുവാൻ താമസിക്കുന്നതും ഇതുപോലെ ഉന്നത തലത്തിൽ നിന്നുള്ള പരാമർശങ്ങൾ നേരിടേണ്ടി വരുമോ എന്ന് ഭയന്നാണ്. ഇത്തരത്തിൽ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന നിയമവ്യാഖ്യാനം ഒരു കോടതിയിൽ നിന്നും ഉണ്ടാകാൻ പാടുള്ളതല്ല. ഇരയെ പൊതുസമൂഹത്തിനു മുൻപിൽ വ്യക്തിഹത്യ നടത്തിയ കോടതിയുടെ പ്രസ്ഥാവന നിയമത്തെ ദുർബലമാക്കുന്നു. സമൂഹത്തിന് തെറ്റായ കാഴ്ച്ചപ്പാട് നല്കുന്ന ഈ വിധിയിൽ ഹൈക്കോടതി ഇടപെട്ട് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് അർച്ചന വിമൻസ് സെന്ററിൽ കൂടിയ യോഗം വിലയിരുത്തി. പ്രസ്തുത യോഗത്തിൽ അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ചു. മിസ്. ആനി ജോസഫ്, അഡ്വ. സി. റെജി അഗസ്റ്റിൻ, പി.കെ ജയശ്രീ, പോൾസൺ കൊട്ടാരത്തിൽ, ശ്രുതിമോൾ വി.എസ്, ഡയനാമോൾ ദേവസ്യ, ആഷ വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു.

# ബാലികാഗ്രാമം ഇരുചക്ര വാഹന പരീശീലനം പദ്ധതി ഉദ്ഘാടനം ചെയ്തു

അർച്ചന വിമൻസ് സെന്റർ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ സ്ത്രീശാക്തീകരണ പദ്ധതികളുടെ ഭാഗമായി മാഞ്ഞൂർ പഞ്ചായത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന ബാലികാഗ്രാമം പദ്ധതിയുടെ ഭാഗമായി ഇരുചക്ര വാഹന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പരിശീലന പരിപാടി ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു ജോൺ ഫ്ളാഗ് ഓഫ് ചെയ്തു. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ, മെമ്പർമാരായ സുനു ജോർജ്, ആൻസി സിബി, സാലിമോൾ ജോസഫ്, പോൾസൺ കൊട്ടാരത്തിൽ, ജോസി മാത്യു, സൗമ്യാ സജീവൻ തുടങ്ങിയവർ പ്രസംഗിച്ചു. ഏറ്റുമാനൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്വാമി ഡ്രൈവിംഗ് സ്കൂൾ ട്രെയ്നർ ജി. ജഗദീശനാണ് ഇരുചക്രവാഹന പരിശീലനത്തിന് നേതൃത്വം നൽകുന്നത്. ഓരോ പെൺകുട്ടിയുടെയും ജനനം കുടുംബങ്ങളിൽ ആഘോഷമാക്കുന്നതിനും തുല്യ അവസരങ്ങളോടെ വളരുന്നതിന് സാഹചര്യം ഒരുക്കുന്നതിനും കുടുംബങ്ങളെ പ്രാപ്തരാക്കി അതുവഴി സ്ത്രീ- പുരുഷ തുല്യത ഉറപ്പാക്കി മാതൃകാപരമായ ഒരു സമൂഹം പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ഗ്രാമത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 വനിതകൾക്കാണ് പരിശീലനത്തിന് തുടക്കം കുറിച്ചത്. ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, കുടുംബസംഗമങ്ങൾ, സൗജന്യ നിയമ സഹായ സെൽ തുടങ്ങി നിരവധി പരിപാടികളാണ് ബാലികാഗ്രാമം പദ്ധതിയുടെ ഭാഗമായി ക്രമീകരിച്ചിരിക്കുന്നത്.



# ക്യാൻസർ സാധ്യത ക്യാമ്പ് സംഘടിപ്പിച്ചു



അർച്ചന വിമൻസ് സെന്ററും കാർക്കിനോസ് ക്യാൻസർ സെന്ററും സംയുക്തമായി ക്യാൻസർ സാധ്യത നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. കടുത്തുരുത്തി റീജിയണിന്റെ നേതൃത്വത്തിൽ കടപ്പൂരാൻ ഓഡിറ്റോറിയത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മോൻസ് ജോസഫ് എം.എൽ.എ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സി.എം.എസ് കാർക്കിനോസ് ക്യാൻസർ ജനറൽ പ്രാക്ടീഷണർ ഡോ. ആരോമൽ സനന്ദ വിജയരാജൻ, പഞ്ചായത്തംഗങ്ങളായ ഷാജി സജി, രശ്മി വിനോദ്, അർച്ചന കാപ്പിൽ, സുകുമാരി ഐഷ, ശാന്തമ്മ പ്രകാശൻ തുടങ്ങിയവർ പ്രസംഗിച്ചു. സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, കമ്മ്യൂണിറ്റി ഓർഗനൈസർ അമല മാത്യു, യൂണിറ്റ് ഓഫീസർമാരായ ബോബി ഷിനോജ്, ഉദയ ഷിബു, സുമ ബാബു തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം കൊടുത്തു. ക്യാമ്പിനോടനുബന്ധിച്ച് ക്യാൻസർ സാധ്യത നിർണ്ണയ പരിശോധന (വായിലെ ക്യാൻസർ, സ്തനാർബുദം),വിദഗ്ധഡോക്ടറുടെസേവനം, ബോധവത്കരണ ക്ലാസ് തുടങ്ങിയവ ക്രമീകരിച്ചിരുന്നു. ക്യാമ്പിൽ 67 പേർ പങ്കാളികളായി.

# 'ട്രൈബൽ ഗ്രാമം' പദ്ധതി



ഗോത്ര വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പദ്ധതികളുമായി ട്രൈബൽ ഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇടുക്കി ജില്ലയിലെ കുമളി പഞ്ചായത്തിൽ മന്നാർകുടി ഗോത്ര വിഭാഗത്തെയാണ് പദ്ധതി നടത്തിപ്പിലേയ്ക്കായി തെരഞ്ഞെടുത്തത്. ഗ്രാമത്തിൽ സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ അടിസ്ഥാന വിവരശേഖരണ സർവ്വേ നടത്തി 216 കുടുംബങ്ങളെ പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു. പദ്ധതിയോടനുബന്ധിച്ച് കുട്ടികൾക്കായി നേതൃത്വ പരിശീലനം, വ്യക്തിശുചിത്വം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പ്രോജക്ട് പാട്ണർ ഡെന്നീസ് റിച്ചാർഡ് ഗ്രാമം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

സന്ദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഗുണഭോക്തൃ സംഗമത്തിൽ അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു, അസി. ഡയറക്ടർ മിസ്. ആനി ജോസഫ്, ജീവൻ സമൃദ്ധി കോഡിനേറ്റർ മിസ്. മറിയാമ്മ ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, പ്രോജക്ട് ഓഫീസർ അജീഷ സി, കുമളി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാജിമോൻ ശ്രീധരൻ, വാർഡ് മെമ്പർ മനോജ് ഗോപി, സമുദായ സെക്രട്ടറി അനീഷ്, ട്രൈബൽ പ്രമോട്ടർ സുജാത രാജീവ്, എക്കോ ഡെവലപ്മെന്റ് കമ്മ്യൂണിറ്റി ചെയർപേഴ്സൺ പി. സുകുമാരൻ, മുൻ ഇ.ഡി. സി ചെയർപേഴ്സൺ ശശിധരൻ, മുൻ മൂപ്പൻ മുത്തുരാജ്, ലൈബ്രറി പ്രസിഡന്റ് അരുൺ, ലൈബ്രേറിയൻ അനിജ, അംഗൻവാടി ടീച്ചർ വീണ എന്നിവർ സന്നിഹിതരായിരുന്നു. സംഗമത്തോടനുബന്ധിച്ച് ഗ്രാമത്തിന്റെ പരമ്പരാഗതമായ കലാരൂപങ്ങളും കുട്ടികളുടെ കലാപരിപാടികളും നടത്തപ്പെട്ടു. നൂറോളം പേർ പങ്കെടുത്തു.

**ജൂലൈ മാസം നടന്ന കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പിന്റെ ത്രൈമാസ ലീഡേഴ്സ് വിലയിരുത്തൽ മീറ്റിംഗിൽ മികച്ച സി. എ. ജി ആയി തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.**

ഡ്രീംസ് - കുറുപ്പന്തറ
വിസ്മയ - തലയോലപറമ്പ്
റോസ് - കടുത്തുരുത്തി
വീണ - മുട്ടുചിറ
തനിമ - കല്ലറ
വന്ദനം - ഞീഴൂർ
തുലിപ്സ് - പിറവം

പ്രതിഭ - ഈരാറ്റുപേട്ട
തിങ്കൾ - മാഞ്ഞൂർ
ചൈത്രം - ഏറ്റുമാനൂർ
ലയനം - കാണക്കാരി
ഉഷസ് - അയർക്കുന്നം
ലക്കിസ്റ്റാർ - കട്ടപ്പന
ഇവാനിയ - കാഞ്ചിയാർ
സൺറൈസ് - ഉപ്പുതറ

## വിപുലമായ പരിപാടികളോടെ 75-ാ മത് സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു




അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ 75-ാ മത് സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. വെട്ടിമുകൾ നിന്ന് ഏറ്റുമാനൂരിലേയ്ക്ക് രാവിലെ 10 മണിക്ക് ആരംഭിച്ച ഇരുചക്ര വാഹന റാലിയോടെ ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം സെന്റ് മേരീസ് ചർച്ച് വികാരി റവ.ഫാ. ജോസഫ് കളരിക്കൽ നിർവ്വഹിച്ചു. തുടർന്ന് നടത്തപ്പെട്ട പൊതു സമ്മേളനം ഏറ്റുമാനൂർ ഗവൺമെന്റ് പ്ലീഡർ അഡ്വ. നിതിൻ പുല്ലുകാടൻ ഉദ്ഘാടനം ചെയ്തു. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്.ത്രേസ്യാമ്മ മാത്യു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പംഗങ്ങൾക്കായി യോഗാ പരിശീലനവും നടത്തപ്പെട്ടു. കൗൺസിലറും യോഗ പരിശീലകയുമായ ജിൻസി ജെയിംസ് പരിശീലനത്തിന് നേതൃത്വം നൽകി. ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ ഡയനാമോൾ ദേവസ്യ & ജെയ്നമ്മ ഷിബു, ശ്രുതി സുജേഷ്& സി.റെജി അഗസ്റ്റിൻ, ജിബിൻ ജോഷി & ജോയിസ് മാത്യു എന്നിവരും പ്രസംഗ മത്സരത്തിൽ അഡ്വ. സി.റെജി അഗസ്റ്റിൻ, ശാന്തമ്മ ബാബു, സുമ ബാബു എന്നിവരും ദേശഭക്തി ഗാനമത്സരത്തിൽ ഇടുക്കി റീജിയൺ, ഏറ്റുമാനൂർ റീജിയൺ, സെൻട്രൽ ഓഫീസ് ടീം തുടങ്ങിയവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

ദിനാചരണത്തോടനുബന്ധിച്ച് ഇടുക്കി റീജിയണിന്റെ നേതൃത്വത്തിൽ സ്കിറ്റും, ദേശസംരക്ഷണ പ്രതിജ്ഞ, ദേശസംരക്ഷണ ഗീതം എന്നിവയും നടത്തപ്പെട്ടു. അസി.ഡയറക്ടർ മിസ്. ആനി ജോസഫ്, ജെൻഡർ കോർഡിനേറ്റർ അഡ്വ.സി.റെജി അഗസ്റ്റിൻ, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ടെക്നിക്കൽ മാനേജർ ജയശ്രീ പി.കെ, മിസ്. മറിയാമ്മ കെ. ജോസഫ്, മിസ്. മിനിമോൾ ജോസഫ്, ജ്യോതി സന്തോഷ്, ഡയനാമോൾ ദേവസ്യ എന്നിവർ ദിനാചരണത്തിന് നേതൃത്വം നൽകി.



# ആവേശ തിരയിളക്കത്തിൽ അർച്ചനയിൽ ഓണാഘോഷം സംഘടിപ്പിച്ചു




അർച്ചന വിമൻസ് സെന്ററിന്റെ നേതൃത്വത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സോഷ്യൽ ഇനേബ്ലർ നിഷ ജോസ് കെ മാണി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. റിട്ട. സീനിയർ യൂണിയൻ ബാങ്ക് മാനേജർ ശ്രീകുമാർ എസ്, മ്യൂസിക് ഡയറക്ടർ സിനോ ആന്റണി എന്നിവർ പ്രസംഗിച്ചു. അസി. ഡയറക്ടർ മിസ്. ആനിജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, ജെൻഡർ & ഹ്യൂമൻ റൈറ്റ് കോ-ഓർഡിനേറ്റർ സി.റെജി അഗസ്റ്റിൻ, ജെ.ജെ.എം.ടീം ലീഡർ പി.ജെ.വർക്കി, ടെക്നിക്കൽ മാനേജർ ജയശ്രീ പി.കെ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, ഓഫീസ് സെക്രട്ടറി ശ്രുതിമോൾ വി.എസ്, ജൂനിയർ അക്കൗണ്ടന്റ് ഡയനാമോൾ ദേവസ്യ എന്നിവർ നേതൃത്വം നൽകി. ഓണാഘോഷങ്ങളോടനുബന്ധിച്ച് ഏറെ പ്രശസ്തി നേടിയ 'പകുതി' ഷോർട്ട് ഫിലിം നിർമ്മാതാവ് സിനോ ആന്റണിയെ അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു ആദരിച്ചു. വിവിധ റീജിയണുകളുടെ നേതൃത്വത്തിൽ ആവേശത്തിന്റെയും താളാരവത്തിന്റെയും വഞ്ചിപ്പാട്ട് മത്സരം, തിരുവാതിര തുടങ്ങി വിവിധ കലാമത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിച്ചു. സ്റ്റാഫ് അംഗങ്ങൾക്കായി നടത്തിയ വഞ്ചിപ്പാട്ട് മത്സരത്തിൽ ഏറ്റുമാനൂർ റീജിയൺ ഒന്നാം സ്ഥാനവും ഓഫീസ് സ്റ്റാഫ് ടീം രണ്ടാം സ്ഥാനവും കട്ടപ്പന റീജിയൺ മൂന്നാം സ്ഥാനവും നേടി. കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകൾക്കായി നടത്തിയ വഞ്ചിപ്പാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം ലയനം സി.എ.ജി കാണക്കാരിയും, രണ്ടാം സ്ഥാനം തിങ്കൾ സി.എ.ജി മാഞ്ഞൂരും മൂന്നാം സ്ഥാനം ഉഷസ് സി.എ.ജി മാഞ്ഞൂരും നേടി. കസേരകളി മത്സരത്തിൽ ആഷാ വർഗീസ് ഒന്നാം സ്ഥാനവും ലീനാ ഭായ് രണ്ടാം സ്ഥാനവും വത്സമ്മ ബാബു മൂന്നാം സ്ഥാനവും, പഞ്ഞി പെറുക്കൽ മത്സരത്തിൽ ജിജി മാത്യു ഒന്നാം സ്ഥാനവും മഞ്ജുഷ, ജ്യോതി സന്തോഷ് എന്നിവർ രണ്ടാം സ്ഥാനവും ആഷാ വർഗീസ് മൂന്നാം സ്ഥാനവും, പഴം തീറ്റ മത്സരത്തിൽ ആര്യാമോൾ പി.എ ഒന്നാം സ്ഥാനവും രാധിക പ്രകാശ് രണ്ടാം സ്ഥാനവും ജിജി ഗ്ലാഡി മൂന്നാം സ്ഥാനവും, ബിസ്ക്കറ്റ് തീറ്റ മത്സരത്തിൽ ശ്രുതി മോൾ വി.എസ് ഒന്നാം സ്ഥാനവും ബോബി ഷിനോജ് രണ്ടാം സ്ഥാനവും ആര്യാമോൾ പി.എ മൂന്നാം സ്ഥാനവും, ചാക്കിലോട്ടം മത്സരത്തിൽ ശ്രുതി മോൾ വി.എസ് ഒന്നാം സ്ഥാനവും ജലജ കെ.കെ രണ്ടാം സ്ഥാനവും മേരി മൂന്നാം സ്ഥാനവും, ബലൂൺ നടത്ത മത്സരത്തിൽ സൗമ്യാ & ജിജി ടീം ഒന്നാം സ്ഥാനവും ബോബി ഷിനോജ് & മഞ്ജുഷ ടീം രണ്ടാം സ്ഥാനവും ബൈജുമോൾ & ബീനാ ഭായി ടീം മൂന്നാം സ്ഥാനവും, കുപ്പിയിൽ വെള്ളം നിറയ്ക്കൽ മത്സരത്തിൽ ആര്യമോൾ & ടീം ഒന്നാം സ്ഥാനവും മേരി & ടീം രണ്ടാം സ്ഥാനവും നിഷ & ടീം മൂന്നാം സ്ഥാനവും, സുന്ദരിക്ക് പൊട്ടുതൊടൽ മത്സരത്തിൽ പോൾസൺ കെ.എഫ് ഒന്നാം സ്ഥാനവും ജോയിസ് മാത്യു രണ്ടാം സ്ഥാനവും, ജിബിൻ ജോഷി മൂന്നാം സ്ഥാനവും നേടി. ഭാഗ്യശാലി നറുക്കെടുപ്പിൽ യൂണിറ്റ് ഓഫീസർ ഗിരിജ കെ.ആർ തെരഞ്ഞെടുക്കപ്പെട്ടു.




## ത്രിതല പഞ്ചായത്ത് പ്രതിനിധികൾ അർച്ചന വിമൻസ് സെന്റർ സന്ദർശിച്ചു

അർച്ചന വിമൻസ് സെന്റർ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനായി ത്രിതല പഞ്ചായത്ത് പ്രതിനിധികൾ അർച്ചന വിമൻസ് സെന്റർ സന്ദർശിച്ചു. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി, പാണാവള്ളി, പട്ടണക്കാട് പഞ്ചായത്ത് പ്രതിനിധികളും കോട്ടയം ജില്ലയിലെ മാഞ്ഞൂർ, കുറവിലങ്ങാട് പഞ്ചായത്ത് പ്രതിനിധികളുമാണ് സെന്റർ സന്ദർശിച്ചത്. അർച്ചന വിമൻസ് സെന്റർ ആലപ്പുഴ ജില്ലയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകളുടെ രൂപീകരണവും കോട്ടയം ജില്ലയിലെ ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടാണ്പഞ്ചായത്ത് പ്രതിനിധികൾ സന്ദർശനം നടത്തിയത്. സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യു സെന്ററിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രുതി എസ് എന്നിവർ നേതൃത്വം നല്കി. കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നായി 22 പ്രതിനിധികൾ പങ്കെടുത്തു.



## അർച്ചന വിമൻസ് സെന്റർ റീജിയണൽ ഓഫീസും അർച്ചനാസ് റൂറൽ മാർട്ടും കട്ടപ്പനയിൽ പ്രവർത്തനമാരംഭിച്ചു



അർച്ചന വിമൻസ് സെന്ററിന്റെ റീജിയണൽ ഓഫീസും അർച്ചനാസ് റൂറൽ മാർട്ടും കട്ടപ്പനയിൽ പ്രവർത്തനമാരംഭിച്ചു. ഇടുക്കി ജില്ലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പുകൾ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണിയൊരുക്കുക എന്നീ ലക്ഷ്യത്തോടെ കട്ടപ്പന ഐ.റ്റി.ഐ ജംഗ്ഷനിൽ കരിപ്പാപ്പറമ്പിൽ ബിൽഡിംഗിലാണ് റീജിയണൽ ഓഫീസിനും റൂറൽ മാർട്ടിനും തുടക്കം കുറിച്ചത്. അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്. ത്രേസ്യാമ്മ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കട്ടപ്പന മുനിസിപ്പൽ ചെയർപേഴ്സൺ ഷൈനി സണ്ണി ചെറിയാൻ ഓഫീസ് ഉദ്ഘാടനം ചെയ്തു. റൂറൽ മാർട്ടിലെ ആദ്യ വിൽപനയുടെ ഉദ്ഘാടനം കട്ടപ്പന മുനിസിപ്പൽ കൗൺസിലർ ബിന്ദുലത രാജു സാമൂഹ്യ പ്രവർത്തകനായ ബിജു ജോസഫിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു. റീജിയണൽ ഓഫീസിന്റെ വെഞ്ചിരിപ്പ് കർമ്മം ഫാ. റിജോ പുരയിടത്തിൽ (കപ്പൂച്ചിൻ ആശ്രമം) നിർവ്വഹിച്ചു. ജീവൻ സമൃദ്ധി കോ- ഓർഡിനേറ്റർ മിസ്. മറിയാമ്മ ജോസഫ്, പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, ജെൻഡർ കോർഡിനേറ്റർ അഡ്വ. സി. റെജി അഗസ്റ്റിൻ, ഓഫീസ് സെക്രട്ടറി ശ്രുതിമോൾ വി.എസ്, കമ്മ്യൂണിറ്റി ഓർഗനൈസർ ജെസി ജെയ്, മാർക്കറ്റിംഗ് ഓഫീസർ സി. ബാലചന്ദ്രൻ നായർ, ആനിമേറ്റർമാരായ ബിന്ദു സന്തോഷ്, ശാന്തമ്മ ബാബു, ഇന്ദിര ശ്രീനി, ബൈജുമോൾ തുടങ്ങിയവർ പ്രസംഗിച്ചു. ഗുണമേന്മയേറിയ കലർപ്പില്ലാത്ത അരിപ്പൊടി, ഗോതമ്പുപൊടി, മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾ പൊടി, കാശ്മീരി മുളകുപൊടി, സാമ്പാർപൊടി, ഇറച്ചിമസാല, ഗരം മസാല, അച്ചാർ പൊടി, ഫിഷ് മസാല, ചിക്കൻ മസാല തുടങ്ങിയവയും സ്നാക്സ്, സുഗന്ധവ്യഞ്ജനങ്ങൾ, അച്ചാറുകൾ എന്നിവയും അർച്ചനാസ് റൂറൽ മാർട്ടിലൂടെ ലഭിക്കും.

Printed & Published by Director Jyothy Jeevapoorna Trust Archana Womens Centre, Ettumanoor (Private Circulation Only)